പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 291

# 2025-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 291

# 2025-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

# 2025-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

2002-ലെ കേരള ഭൂജലം (നിയന്ത്രണവും

ക്രമീകരണവും) ആക്റ്റ് ഭേദഗതി

ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.— 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റിലെ (2002-ലെ 19) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(എ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഎ) "അക്വിഫർ സംവിധാനം" എന്നാൽ ഭൂമിയുടെ ഉള്ളിലായി സ്ഥിതിചെയ്യുന്നതും ഭൂജലം സംഭരിക്കുകയും പുറത്തേയ്ക്ക് ഒഴുകുന്നതിന് വഴി ഒരുക്കുകയും ചെയ്യുന്നതുമായ ഭൂജല സംഭരണ സംവിധാനം എന്നർത്ഥമാകുന്നു;".

3. 21-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 21-ാം വകുപ്പിൽ,—

(1) (2)-ാം ഉപവകുപ്പിന്റെ പ്രാരംഭത്തിൽ,—

(i) "കിണറുകളുടെ നിയമാനുസൃതമല്ലാത്ത" എന്നീ വാക്കുകൾക്ക് പകരം "നിയമാനുസൃതമല്ലാതെ കിണറുകളുടെ" എന്നീ വാക്കുകൾ ചേർക്കുക;

(ii) "അഥവാ ഉപയോഗത്തിനോ" എന്നീ വാക്കുകൾക്ക് പകരം "ഉപയോഗത്തിനോ അഥവാ ഭൂജലം കടത്തിക്കൊണ്ട് പോകുന്നതിനോ" എന്നീ വാക്കുകൾ ചേർക്കുക.

(2) (3)-ാം ഉപവകുപ്പായി താഴെപ്പറയുന്നവ ചേർക്കുക, അതായത്:—

"(3) ശുദ്ധീകരിച്ചതോ അല്ലാത്തതോ ആയ വെള്ളം ഭൂമിയുടെ അക്വിഫർ സംവിധാനത്തിൽ എത്തുവാൻ ഇടയാക്കുന്നതുമൂലം ഭൂജലം മലീമസമാക്കപ്പെടുകയോ കലർത്തപ്പെടുകയോ ചെയ്യുന്ന കാര്യത്തിൽ,—

(എ) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങൾ ലംഘിക്കുകയോ അവ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ, അല്ലെങ്കിൽ

(ബി) ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും അധികാരം വിനിയോഗിക്കുന്നതിന് അതോറിറ്റിയേയോ, അഥവാ അത് ചുമതലപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും വ്യക്തിയേയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നയാൾക്ക് പത്ത് ലക്ഷം രൂപ പിഴയും അതുമായി ബന്ധപ്പെട്ട് കിണർ നിർമ്മിച്ചിട്ടുള്ളപക്ഷം അത് സ്ഥായിയായി നികത്തേണ്ടതും അക്കാര്യത്തിൽ വരുന്ന ഏതൊരു ചെലവും അങ്ങനെയുള്ള ആളിൽനിന്നോ ഉടമയിൽനിന്നോ ഈടാക്കേണ്ടതുമാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റിലെ 21-ാം വകുപ്പിൽ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള ശിക്ഷകൾ വ്യക്തമാക്കുന്നു. പ്രസ്തുത വകുപ്പിലെ (2)-ാം ഉപവകുപ്പിൽ നിയമാനുസൃതമല്ലാതെ കിണറുകൾ കുഴിക്കുന്നതും നിർമ്മിക്കുന്നതിനുമുള്ള ശിക്ഷ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇതോടൊപ്പം അത്തരം സ്രോതസ്സുകളിൽനിന്നോ അല്ലാതെയോ നിയമാനുസൃതമല്ലാതെ വെള്ളം കടത്തുന്നതും ശിക്ഷാ വ്യവസ്ഥകളിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

2. കേന്ദ്ര സർക്കാരിൻറെ ജലശക്തി മന്ത്രാലയം 2020 സെപ്റ്റംബർ 24-ന് പുറത്തിറക്കിയ നോട്ടിഫിക്കേഷൻ SO 3289 (E) പ്രകാരം പ്രകൃതിയിലെ ഭൂജല സംഭരണ സംവിധാനത്തിലേയ്ക്ക് ട്രീറ്റ് ചെയ്തതോ അല്ലാത്തതോ ആയ ജലം കലർത്തപ്പെടുവാൻ ഇടയാക്കുന്നതിന് പത്ത് ലക്ഷം രൂപ പിഴ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

3. മേൽപ്രസ്താവിച്ച പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഡോ. എൻ. ജയരാജ്.

## 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ.

(2002 - ലെ 19)

** ** ** **

21. ശിക്ഷകൾ.—(1) ഏതെങ്കിലും കിണറിന്റെ ഉടമസ്ഥനോ ഉപഭോക്താവോ നിർണ്ണയിക്കപ്പെട്ട രീതിയിലുള്ള വിവരം നൽകുന്ന കാര്യത്തിൽ ഈ ആക്റ്റിന്റെ ഏതെങ്കിലും വ്യവസ്ഥയോ ഇതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടമോ ലംഘിക്കുകയോ അല്ലെങ്കിൽ അവ പാലിക്കുന്നതിന് വീഴ്ച വരുത്തുകയോ ചെയ്താൽ, അപ്രകാരമുള്ള ആളെ,—

(i) ആദ്യത്തെ കുറ്റത്തിന് അഞ്ഞൂറ് രൂപ വരെയാകാവുന്ന പിഴയും;

(ii) രണ്ടാമത്തെയും അതിന് ശേഷവുമുള്ള കുറ്റത്തിന് ആയിരം രൂപ വരെയാകാവുന്ന പിഴയും, നൽകി ശിക്ഷിക്കേണ്ടതാണ്.

(2) കിണറുകളുടെ നിയമാനുസൃതമല്ലാത്ത കുഴിക്കലിനോ നിർമ്മാണത്തിനോ അഥവാ ഉപയോഗത്തിനോ, ഭൂജലത്തിൻറെ ഏതെങ്കിലും ഉപഭോക്താവോ അഥവാ കിണറുടമസ്ഥനോ,—

(എ) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ ലംഘിക്കുകയോ അവ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ, അല്ലെങ്കിൽ

(ബി) ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും അധികാരങ്ങൾ വിനിയോഗിക്കുന്നതിന് അതോറിറ്റിയെയോ, അഥവാ അത് ചുമതലപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും വ്യക്തിയേയോ തടസ്സപ്പെടുത്തുകയോ,

ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള ആളെ,

(i) ആദ്യത്തെ കുറ്റത്തിന് രണ്ടായിരം രൂപയോളമാകാവുന്ന പിഴയോ;

(ii) രണ്ടാമത്തെയും അതിന് ശേഷവുമുള്ള കുറ്റത്തിന് ആറ് മാസക്കാലം വരെയാകാവുന്ന തടവുശിക്ഷയോ അല്ലെങ്കിൽ പതിനായിരം രൂപ വരെയാകാവുന്ന പിഴയോ, നൽകി ശിക്ഷിക്കേണ്ടതാണ്.

** ** ** **